**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 622** **06-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും, അവ എന്തൊക്കെയാണ് ഉല്പാദിപ്പിക്കുന്നതെന്നും വിശദമാക്കാമോ ; | (എ) | വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാസ്ഥാപനങ്ങ-ളുടെയും യൂണിറ്റുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാസ്ഥാപനങ്ങ-ളുടെയും യൂണിറ്റുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആവശ്യമായ സ്ഥലത്തിന് പുറമെയുള്ള സ്ഥലങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | വ്യവസായ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാസ്ഥാപനങ്ങ-ളുടെയും യൂണിറ്റുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ ലേലത്തിലൂടെ മറ്റ് വ്യവസായികൾ ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും പൂട്ടിക്കിടക്കുന്നില്ല. |
| (ഇ) | ഇത്തരത്തിൽ പാലക്കാട് ജില്ലയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും പൂട്ടിക്കിടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | കമ്പനിയുടെ പേര് | എ, ബി, സി പിരിവിനുള്ള മറുപടി |
|---|---|---|
| 1. | മലബാർ സിമൻറ്സ് ലിമിറ്റഡ് | ഗ്രേ സിമന്റ്ആണ് കമ്പനി ഉത്പാദിപ്പിക്കുന്നത്.<br><br>കമ്പനിക്ക് പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാണ്. വനംവകുപ്പിൽ നിന്നും പാട്ടത്തിൽ എടുത്ത സ്ഥലത്താണ് കമ്പനി പ്രവർത്തിച്ചിരുന്നത്. |
| 2. | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | കാർഷിക ഉപകരണങ്ങൾ, കട്ട്ലറി, ഓഫീസ്-സ്കൂൾ-ഹോസ്പിറ്റൽ ഫർണിച്ചറുകൾ, ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ ട്രോളി, വീൽ ബാരോ, വേസ്റ്റ് ബിൻസ് , സെഗ്രിഗേഷൻ ടേബിൾ, സെഗ്രിഗേഷൻ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റിസ് മുതലായവ.<br><br>കമ്പനിയുടെ നിലവിലെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം ലഭ്യമാണ്. അധികമുള്ള സ്ഥലസൗകര്യങ്ങൾ കമ്പനിയുടെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള പദ്ധതികൾക്കായിട്ട് ഉപയോഗിക്കുന്നതാണ് |
| 3. | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (SIFL) ന്റെ ഫോർജിങ് യൂണിറ്റ്, ഷൊർണൂർ | SIFL - ന്റെ അത്താണി യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മെഷീനിംഗ് വർക്കാണ് ഈ യൂണിറ്റിൽ ചെയ്യുന്നത്<br><br>മെറ്റൽ ഇൻഡസ്ട്രീസിന്റെ ഷൊർണൂർ ഉള്ള സ്ഥലത്ത് നിന്നും മൂന്ന് ഏക്കർ സ്ഥലം ലീസിന് എടുത്താണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. |
| 4. | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് (KEL) കമ്പനിയുടെ ഒലവക്കോട് | KEL-ന്റെ ഒരു ഉത്പാദന യൂണിറ്റ് ഒലവക്കോട് ഉള്ള സിഡ്കോയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. ഫ്യൂസ് യൂണിറ്റ്, |

| | | |
|---|---|---|
| | ഉള്ള യൂണിറ്റ് | സ്വിച്ച് ഗിയർ തുടങ്ങിയ ഉല്പന്നങ്ങൾ ആയിരുന്നു മുൻപ് നിർമ്മിച്ചിരുന്നത്. ഈ യൂണിറ്റിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഉത്പാദന സൗകര്യങ്ങൾ നവീകരിച്ച് എൽ ഇ ഡി ലൈറ്റുകളുടെ ഉൽപാദനം നിലവിൽ നടന്നുവരുന്നു.<br><br>സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റിൽ വാടക കെട്ടിടത്തിലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. |
| 5. | സിൽക്കിന്റെ ഒറ്റപ്പാലത്തുള്ള ഫൗണ്ടറി യൂണിറ്റ് | സിൽക്കിന്റെ ഫൗണ്ടറി യൂണിറ്റ് പാലക്കാട് ജില്ലയിൽ പാലപ്പുറത്ത് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നു.<br><br>ഫൗണ്ടറി യൂണിറ്റിൽ വാട്ടർ അതോറിറ്റിക്ക് വേണ്ടുന്ന വാൾ കാസ്റ്റിംഗ്, ജോയിൻസ്, CIR Joints, Cast Iron Pipes, കാസ്റ്റിംഗ് റോളേഴ്സ് എന്നിവയും Manhole Cover, Fly wheel മുതലായവയും ഉല്പാദിപ്പിക്കുന്നുണ്ട്.<br><br>സിൽക്കിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലസൗകര്യം മാത്രമാണ് നിലവിൽ ഉള്ളത്. |
| 6. | KELPALM-ന്റെ കല്ലേപ്പുള്ളി യൂണിറ്റ് | KELPALM-ന്റെ പാലക്കാട് ഉള്ള കല്ലേപ്പുള്ളിയിൽ ഒരു റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br><br>കെൽപാമിന്റെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലസൗകര്യം മാത്രമാണ് നിലവിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ